"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അധികാരവികേന്ദ്രീകരണം - വിവിധ വകുപ്പുകളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ക്ലർക്കുമാരുടെ പുനർവിന്യാസം - ബ്ലോക്ക് പഞ്ചായത്തുകളിലെയും ജില്ലാപഞ്ചായത്തുകളിലെയും പുനർവിന്യാസ ക്ലറിക്കൽ തസ്തികകൾ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.1296/2024/LSGD തീയതി,തിരുവനന്തപുരം, 18-07-2024

---

പരാമർശം:-
1. സ.ഉ.(അ)നം.187/2000/തസ്വഭവ, തീയതി, 04.07.2000.
2. സ.ഉ.(കൈ)നം.269/2003/തസ്വഭവ തീയതി, 05.09.2003.
3. സ.ഉ.(എം.എസ്) നം.51/2013/തസ്വഭവ തീയതി, 07.02.2013.
4. സ.ഉ.(കൈ)നം. 474/2015/ആർ ഡി തീയതി, 19/09/2015
5. സ.ഉ.(സാധാ) നം.2082/2019/തസ്വഭവ തീയതി, 26.09.2019.
6. സ.ഉ.(സാധാ) നം. 165/2021/സാ.നീ.വ. തീയതി, 7.02.2021.

ഉത്തരവ്

അധികാരവികേന്ദ്രീകരണം കാര്യക്ഷമമാക്കുന്നതിനായി സർക്കാർ നിയോഗിച്ച സെൻ കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഉത്തരവാദിത്വങ്ങളും ചുമതലകളും കൈമാറിയ 19 വകുപ്പുകളിൽ നിന്നും 1302 ക്ലറിക്കൽ തസ്തികകൾ താത്ക്കാലികമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ചുവടെ പറയും പ്രകാരം 1302 ക്ലറിക്കൽ തസ്തികകൾ അനുവദിച്ചിരുന്നു.

| ക്രമനം. | തദ്ദേശ സ്വയംഭരണ സ്ഥാപനം | ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുമുള്ള തസ്തികകൾ | ആകെ തസ്തികകൾ |
|---|---|---|---|
| i | ഗ്രാമ പഞ്ചായത്ത് | 1 | 991 |
| ii | ബ്ലോക്ക് പഞ്ചായത്ത് | 1 | 152 |
| iii | ജില്ല പഞ്ചായത്ത് | 5 | 70 |
| iv | ഗ്രേഡ് I & II മുനിസിപ്പാലിറ്റികൾ | 1 | 33 |
| v | ഗ്രേഡ് III മുനിസിപ്പാലിറ്റികൾ | 2 | 40 |
| vi | നിലവിലുള്ള മുനിസിപ്പൽ കോർപ്പറേഷനുകൾ | 2 | 6 |
| vii | പുതിയ മുനിസിപ്പൽ കോർപ്പറേഷനുകൾ | 5 | 10 |
| ആകെ | | | 1302 |

തുടർന്ന് പരാമർശം (2) പ്രകാരം ജലവിഭവ വകുപ്പിൽ നിന്നും 380 ക്ലറിക്കൽ തസ്തികകൾ സ്ഥിരമായി പുനർവിന്യസിക്കുകയും പരാമർശം (3) പ്രകാരം റവന്യൂ വകുപ്പിലെ പുനർവിന്യാസം അവസാനിപ്പിക്കുകയും ചെയ്തിരുന്നു. പരാമർശം (4) പ്രകാരം 990 ക്ലർക്കുമാരുടെ തസ്തികകൾ ഗ്രാമപഞ്ചായത്തുകളിൽ പുതുതായി സൃഷ്ടിച്ചുകൊണ്ട് അത്രയുംതന്നെ തസ്തികകൾ മറ്റു വകുപ്പുകളിൽ സൂപ്പർന്യൂമററിയായി നിലനിർത്തി ഉത്തരവായിരുന്നു. ടി തസ്തികകളിലേക്ക് പി.എസ്.സി മുഖേന നിയമനം നടത്തിയതിനെത്തുടർന്ന് ഗ്രാമപഞ്ചായത്തുകളിലേക്കുള്ള ക്ലർക്കുമാരുടെ പുനർവിന്യാസം താൽകാലികമായി ഒഴിവാക്കിക്കൊണ്ട് പരാമർശം (5) പ്രകാരം, 17 വകുപ്പുകളിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കേണ്ട ജീവനക്കാരുടെ എണ്ണം 312 ആയി പുനഃക്രമീകരിച്ച് ഉത്തരവായിരുന്നു. പരാമർശം (6) പ്രകാരം സാമൂഹ്യനീതി വകുപ്പിൽ നിന്നുള്ള പുനർവിന്യാസം നിർത്തലാക്കിയതിനാൽ നിലവിൽ 16 വകുപ്പുകളിൽ നിന്നും ആകെ 286 ക്ലറിക്കൽ തസ്തികകളാണ് പുനർവിന്യസിക്കുവാൻ കഴിയുന്നത്. ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഗ്രാമപഞ്ചായത്തുകളിലേയ്ക്കുള്ള പുനർവിന്യാസം തുടരേണ്ട സാഹചര്യം നിലവിലുണ്ട്. സെൻ കമ്മിറ്റി റിപ്പോർട്ട്, ബഹു. മുഖ്യമന്ത്രി ചെയർമാനായ സ്റ്റേറ്റ് ഡെവലപ്മെന്റ് കൗൺസിൽ തീരുമാനങ്ങൾ എന്നിവ പ്രകാരം പുനർവിന്യാസം കൂടുതൽ വിപുലപ്പെടുത്താൻ തീരുമാനിച്ചിട്ടുമുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും പരാമർശം (5) പ്രകാരമുള്ള ഉത്തരവ് പുനഃപരിശോധിക്കുകയുമുണ്ടായി. നിലവിൽ ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് പുനർവിന്യാസ നിയമനം നടത്തി വരുന്നത്. അധിക ജോലിഭാരമുള്ള ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് പുനർവിന്യാസ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് ക്ലറിക്കൽ തസ്തികകൾ അനുവദിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം (1) ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും അനുവദിച്ചിരുന്ന പുനർവിന്യാസ ക്ലറിക്കൽ തസ്തികകൾ (152 + 70) അധിക ജോലിഭാരമുള്ള ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

നിലവിൽ പുനർവിന്യാസ വ്യവസ്ഥയിൽ ബ്ലോക്ക് പഞ്ചായത്തിലും ജില്ലാ പഞ്ചായത്തിലും ജോലി ചെയ്യുന്ന മൂന്നു വർഷം പൂർത്തിയാക്കിയ ക്ലറിക്കൽ തസ്തികയിലെ ജീവനക്കാരെ അവരിപ്പോൾ ജോലി ചെയ്യുന്ന ഓഫീസിനോട് അടുത്തുള്ളതോ അതോ അവർ ഓപ്റ്റ് ചെയ്തിട്ടുള്ളതോ ആയ എന്നാൽ അധിക ജോലിഭാരമുള്ള ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ വകുപ്പ് മേധാവികൾ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. നിലവിൽ ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും ക്ലറിക്കൽ തസ്തികയിൽ പുനർവിന്യസിച്ചിട്ടുള്ള 3 വർഷം പൂർത്തിയാക്കാത്ത ജീവനക്കാരെ മൂന്നു വർഷം പൂർത്തിയാകുന്ന മുറയ്ക്ക് അധിക ജോലിഭാരമുള്ള ഗ്രാമപഞ്ചായത്തിലേയ്ക്ക് പുനർവിന്യസിക്കുന്നതിനുള്ള നടപടികൾ അതാതു വകുപ്പുമേധാവികളും പ്രിൻസിപ്പൽ ഡയറക്ടറും സ്വീകരിക്കേണ്ടതാണ്. നിലവിലുള്ള ജീവനക്കാർ മേൽപ്പറഞ്ഞ പ്രകാരം സ്ഥലംമാറ്റി നിയമിക്കപ്പെടുന്ന മുറയ്ക്ക് ബ്ലോക്ക് പഞ്ചായത്തുകളിലെയും ജില്ലാ പഞ്ചായത്തുകളിലെയും എല്ലാ പുനർവിന്യാസ തസ്തികകളും അധിക ജോലിഭാരമുള്ള ഗ്രാമപഞ്ചായത്തുകൾക്ക് അലോട്ട് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BALUMAHENDRA B

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ,മണ്ണുസംരക്ഷണംവകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, മൃഗസംരക്ഷണം വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, എംപ്ലോയ്മെന്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ,, മത്സ്യബന്ധന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ,, വാണിജ്യ വ്യവസായ വകുപ്പ്, തിരുവനന്തപുരം.
രജിസ്ട്രാർ, സഹകരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പട്ടിക ജാതി വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പട്ടിക വർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ആരോഗ്യവകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
ലേബർ കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
ലോക്കൽ ഫണ്ട് അക്കൌണ്ട്സ് ഡയറക്ടർ, തിരുവനന്തപുരം.
സംസ്ഥാന പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിന് പ്രകാരം

Signed by
Suja. M
സെക്ഷൻ ഓഫീസർ
Date: 18-07-2024 17:50:30